**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തൃക്കാക്കര ഓണാഘോഷം 2018 - സംഘാടനച്ചെലവ് - കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2179/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07/08/2018

---

പരാമർശം:-കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 04/08/2018 ലെ കത്ത്.

## ഉത്തരവ്

കളമശ്ശേരി നഗരസഭ 2018 വർഷത്തെ തൃക്കാക്കര ഓണാഘോഷം സംഘടിപ്പിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിക്കുന്നതിനു യഥേഷ്ടാനുമതി നൽകണമെന്ന് കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. 2018 ലെ തൃക്കാക്കര മഹാദേവ ക്ഷേത്രത്തിലെ ഓണാഘോഷ പരിപാടിയുടെ സംഘാടനത്തിനായി കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി അവരുടെ തനത് ഫണ്ടിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ) വരെ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഇതുമായി ബന്ധപ്പെട്ട കണക്കുകൾ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് പ്രത്യേക ആഡിറ്റിന് വിധേയമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

ചെയർപേഴ്സൺ/സെക്രട്ടറി, കളമശ്ശേരി നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് കൊച്ചി.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്,
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.